15.03.2021

# ദർഘാസ് ലേല പരസ്യം

കേരള ലൈഫ് സയൻസസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് വെയിലൂർ വില്ലേജിൽ സർവേ നമ്പർ 183,184,185,186 എന്നിവയിലായി സ്ഥിതിചെയ്യുന്ന കുറച്ച് റബർ, ആഞ്ഞിലി, തെങ്ങ്,മാഞ്ചിയം,അക്കേഷിയ എന്നീ മരങ്ങൾ മുറിച്ച് നീക്കം ചെയ്യാനും, കൂടാതെ അവയുടെ വേര് സഹിതം നീക്കം ചെയ്യുന്നതിനും താൽപര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ/കോണ്ട്രാക്റ്റർമാർ എന്നിവരിൽ നിന്നും സീൽ ചെയ്ത കവറിൽ ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് പരസ്യം കെ.എസ്.ഐ.ഡി.സി, കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം നഗരസഭാ കാര്യാലയം എന്നിവിടങ്ങളിൽ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദർഘാസുകൾ 2021 മാർച്ച് 30 ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുമ്പായി തിരുവനന്തപുരം വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേദിവസം തന്നെ 3.00 മണിയ്ക്ക് ദർഘാസുകൾ തുറക്കുന്നതാണ്.വൈകി കിട്ടിയതോ യഥാവിധി അല്ലാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാൻ പാടില്ല. ദർഘാസ് നൽകുന്നവർ അവരുടെ സ്വന്തം ചെലവിൽ ടി സർവേ നമ്പരിൽ ഉള്ള ലേലവസ്തുക്കൾ പരിശോധിക്കാവുന്നതാണ്. കൂടാതെ പ്രസ്തുത ലേല സാധനങ്ങൾ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും ക്ലിയറൻസ് ആവശ്യമായി വന്നാൽ അത് സ്വന്തം ചെലവിൽ നടത്തേണ്ടതാണ്.മേൽപറഞ്ഞ പ്രവർത്തിനടക്കുന്ന വേളയിൽ ഉള്ള എല്ലാവിധമായ സുരക്ഷാസംവിധാനങ്ങളും നിർദ്ദിഷ്ട പ്രവർത്തിചെയ്യുന്ന വ്യക്തിയിൽമേൽ നിഷ്കർഷിച്ചിരിക്കുന്നു. ലേലം പിടിച്ചയാൾ ഒരാഴിച്ചകകം ലേലതുക കെട്ടിവച്ച് 30 ദിവസത്തിനകം ലേലസാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ലേല വസ്തുക്കളുടെ വിശദവിവരങ്ങൾ വ്യവസായ വികസന കോർപ്പറേഷന്റെ തിരുവനന്തപുരം ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ (10 മണി മുതൽ 5 മണി വരെ) ലഭിക്കുന്നതാണ്. ദർഘാസുകൾ പ്രത്യേക കാരണമൊന്നും ബോദ്ധ്യപ്പെടുത്താതെ തന്നെ നിരസിക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ മൂല്യനിർണയപ്രകാരം മൊത്തം വിലയായി Rs.4,43,770/-(GST പുറമെ) രൂപയായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്.ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതാണ്. കേരള വന നിയമം 1961 75A പ്രകാരം ലേല തുകയുടെ 5% വന വികസന നികുതിയായി ഒടുക്കേണ്ടതാകുന്നു. ഇതിന് പുറമേ വന നികുതിയുടേയും ലേല തുകയുടെയും 18% GST യും ഈടാക്കുന്നതാണ്. ആയതിനാൽ ലേല തുകയ്ക്കു പുറമേ മേൽപ്പറഞ്ഞ നികുതികളും ബാധകമായിരിക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ലേലം നടത്താനാകാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതാണ്.ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സുരക്ഷാ നിക്ഷപത്തിന്റെ ഇനത്തിലായി 11,100 രൂപയുടെ കെ.എസ്.ഐ.ഡി.സി യുടെ പേരിലിലുള്ള ഡിമാൻഡ്ഡ്രാഫ്റ്റ് ദർഘാസിന്റെകൂടെ നൽകേണ്ടതാണ്.

അസിസ്റ്റൻറ് ജനറൽ മാനേജർ
കേരള സംസ്ഥാന വ്യവസായ

വികസന കോർപ്പറേഷൻ ലിമിറ്റഡ്